**പതിനാറാം കേരള നിയമസഭ**

**ഒന്നാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 766** **24-06-2026-ൽ മറുപടിയ്ക്ക്**

**പടിഞ്ഞാറ്റുമുറി കീഴ് തൃക്കോവിൽ ക്ഷേത്രത്തിന്റെ പുഴയോരം ഭിത്തികെട്ടി സംരക്ഷിക്കണമെന്ന ആവശ്യം**

**ചോദ്യം ഉന്നയിച്ച അംഗങ്ങൾ** **മറുപടി നൽകിയ മന്ത്രി**

ശ്രീ. മഞ്ഞളാംകുഴി അലി ശ്രീ. മോൻസ് ജോസഫ്
(ജലവിഭവ - ഭവനനിർമ്മാണ വകുപ്പ് മന്ത്രി)

**(എ)** മലബാർ ദേവസ്വം ബോർഡിന്റെ നേരിട്ടുള്ള നിയന്ത്രണത്തിലുള്ളതും ചരിത്രപ്രസിദ്ധവുമായ പടിഞ്ഞാറ്റുമുറി കീഴ് തൃക്കോവിൽ ക്ഷേത്രത്തിന്റെ കടലുണ്ടിപ്പുഴയോട് ചേർന്നുള്ള ഭാഗം ഇടിഞ്ഞുതാഴ്ന്നതിനാൽ പുഴയോരം ഭിത്തികെട്ടി സംരക്ഷിക്കണമെന്ന ആവശ്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ പ്രസ്തുത പ്രവൃത്തി നടപ്പിലാക്കുന്നതിന് എന്ത് നടപടിയാണ് സ്വീകരിച്ചിട്ടുള്ളത്; വ്യക്തമാക്കുമോ;

**മറുപടി:** ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. നവകേരളസദസ്സിൽ പരാതി ലഭിച്ചതിന്റെ അടിസ്ഥാനത്തിൽ ₹64 ലക്ഷം രൂപ എസ്റ്റിമേറ്റ് തുക വരുന്ന "RMF- Keezhthrikkovil - Protecting the left bank of Kadalundi river near Keezhthrikkovil Temple at Upstream of Anappara Checkdam in Kootilangadi Panchayath in Mankada LAC Malappuram District" എന്ന പ്രവൃത്തിയുടെ എസ്റ്റിമേറ്റ് തയ്യാറാക്കുകയും River Management Fund-ൽ ഉൾപ്പെടുത്തി GO(Rt) No.476/2026/RD നമ്പർ 28.02.2026 തീയതി ഉത്തരവ് പ്രകാരം ഭരണാനുമതി നൽകുകയും ചെയ്തിട്ടുണ്ട്. അതിൻ പ്രകാരം സാങ്കേതികാനുമതി നൽകി ടെണ്ടർ ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. കരാർ ഒപ്പ് വെയ്ക്കുന്ന മുറയ്ക്ക് പ്രവൃത്തി സമയബന്ധിതമായി നടപ്പിലാക്കുന്നതാണ്.

**(ബി)** ഭക്തരുടെയും പ്രദേശവാസികളുടെയും ദീർഘകാലമായുള്ള ആവശ്യം പരിഗണിച്ച് പ്രസ്തുത പ്രവൃത്തി സമയബന്ധിതമായി നടപ്പിലാക്കുമോ; വ്യക്തമാക്കുമോ?

**മറുപടി:** ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. നവകേരളസദസ്സിൽ പരാതി ലഭിച്ചതിന്റെ അടിസ്ഥാനത്തിൽ ₹64 ലക്ഷം രൂപ എസ്റ്റിമേറ്റ് തുക വരുന്ന "RMF- Keezhthrikkovil - Protecting the left bank of Kadalundi river near Keezhthrikkovil Temple at Upstream of Anappara Checkdam in Kootilangadi Panchayath in Mankada LAC Malappuram District" എന്ന പ്രവൃത്തിയുടെ എസ്റ്റിമേറ്റ് തയ്യാറാക്കുകയും River Management Fund-ൽ ഉൾപ്പെടുത്തി GO(Rt) No.476/2026/RD നമ്പർ 28.02.2026 തീയതി ഉത്തരവ് പ്രകാരം ഭരണാനുമതി നൽകുകയും ചെയ്തിട്ടുണ്ട്. അതിൻ പ്രകാരം സാങ്കേതികാനുമതി നൽകി ടെണ്ടർ ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. കരാർ ഒപ്പ് വെയ്ക്കുന്ന മുറയ്ക്ക് പ്രവൃത്തി സമയബന്ധിതമായി നടപ്പിലാക്കുന്നതാണ്.

**സെക്ഷൻ ഓഫീസർ**